**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3307** **04-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ അവശ്യവസ്തുക്കളും റേഷൻ കടകൾ വഴി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; | (എ) | റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തി വരുന്നു. |
| (ബി) | റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പു വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് പരിശോധന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും എ.ആർ.ഡി. കളിലും FIFO (First In First Out) |

| | | | |
|---|---|---|---|
| | | | രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ